**ശ്രദ്ധക്ഷണിക്കൽ**

പട്ടയവിതരണം

ശ്രീ. റോഷി അഗസ്റ്റിൻ : സർ, 1964-ലെ ഭൂമിപതിവ് ചട്ടങ്ങൾ പ്രകാരം ഇടുക്കിയിലെ അർഹരായ മുഴുവൻ കർഷകർക്കും പട്ടയം നൽകുന്നത് സംബന്ധിച്ചും അതോടൊപ്പം പട്ടയം നൽകിയതിലുണ്ടായിട്ടുള്ള അപാകതകൾ പരിഹരിക്കുന്നത് സംബന്ധിച്ചുമാണ് ഈ സഭയുടെ ശ്രദ്ധക്ഷണിക്കുന്നത്. നിരവധി ചർച്ചകൾക്കും നിയമ ഭേദഗതികൾക്കുംശേഷമാണ് ഇടുക്കി ജില്ലയിലെ കർഷകർക്ക് പട്ടയം നൽകുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുള്ളത്. ആ നടപടി ഏറെ ആശ്വാസകരമാണ്. ഈ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിൽ കഴിയുന്നത്ര വേഗതയുണ്ടാവുകയും അർഹരായ മുഴുവൻ കർഷകർക്കും സമയബന്ധിതമായി പട്ടയം കൊടുക്കുന്നതിനുള്ള ഇച്ഛാശക്തിയും ഈ ഗവൺമെന്റ് തുടർന്നുവരികയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം പതിനായിരത്തിലധികം കർഷകർക്ക് പട്ടയം കൊടുക്കാൻ സാധിച്ചുവെന്നുള്ളത് ഏറെ അഭിമാനപൂർവ്വമാണ് ഞാൻ ഈ സഭയിൽ പറയാൻ ആഗ്രഹിക്കുന്നത്. 2001-2006 കാലഘട്ടത്തിൽ അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റ് പ്രത്യേകിച്ച് പദ്ധതി പ്രദേശങ്ങളുൾപ്പെടെയുള്ള മേഖലയിൽ പട്ടയം കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. പെരിഞ്ചാംകുട്ടി ഉൾപ്പെടെയുള്ള പദ്ധതി പ്രദേശങ്ങളിൽ പട്ടയം കൊടുക്കുന്നതിന് ലാന്റ് അസൈൻമെന്റ്

ഓഫീസുകളും റീസർവ്വെ ഓഫീസുകളും ആരംഭിച്ച് നടപടികൾ തുടർന്നുവരികയായിരുന്നു. പിന്നീട് വന്ന ഇടതുപക്ഷ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ കാലതാമസം നേരിട്ടു. എന്നാൽ തുടർന്നുവന്ന ഈ ഗവൺമെന്റ് ആ നടപടികൾ പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ പദ്ധതി പ്രദേശത്തെ പട്ടയം കൊടുത്തുവെന്നത് ഏറെ ആശ്വാസജനകമായിട്ടാണ് ഇടുക്കിയിലെ ജനങ്ങൾ നോക്കികാണുന്നത്. അതോടൊപ്പം ധാരാളം പട്ടയങ്ങൾ ഇനിയും കൊടുത്തുതീർക്കാനുണ്ട്. ഇടുക്കി ജില്ലയിലെ പല താലൂക്കുകളിലും ഇനിയും പട്ടയ നടപടികൾ ആരംഭിക്കാൻ സാധിച്ചിട്ടില്ലയെന്നുള്ളതും ഈ തലത്തിൽ പറയേണ്ടതായിട്ടുണ്ട്. അതുപോലെതന്നെ പത്ത്ചെയിൻ പ്രദേശത്തെ ജനങ്ങൾ പട്ടയം ലഭിക്കുന്നതിനുവേണ്ടി ഏറെ ആകാംഷയോടുകൂടി നോക്കിയിരിക്കുകയാണ്. ആ പ്രദേശത്തും പട്ടയം കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. കട്ടപ്പനപോലുള്ള ടൗൺഷിപ്പുകൾക്ക് ഷോപ്‌സൈറ്റ് പട്ടയം കൊടുക്കുന്നതിനുവേണ്ടി നടപടികൾ ആരംഭിക്കുമെന്ന് സൂചിപ്പിച്ചിരുന്നുവെങ്കിലും അതിന് പ്രത്യേകമായ ഒരു ടീമിനെ നിയോഗിച്ച് അതിനാവശ്യമായിട്ടുള്ള സ്പെഷ്യൽ സംവിധാനം രൂപപ്പെടുത്താൻ ഗവൺമെന്റ് തയ്യാറാകേണ്ടതുണ്ട്. അതോടൊപ്പംതന്നെ മറ്റൊരു പ്രധാനപ്പെട്ട

വിഷയമെന്നുപറയുന്നത് ഇടുക്കിയിലെ ഹെഡ്ക്വാർട്ടേഴ്സായ ജില്ലാ ആസ്ഥാനത്തുപോലും പട്ടയം കൊടുക്കുന്ന നടപടികൾ ത്വരിതപ്പെടുത്താൻ സാധിച്ചിട്ടില്ല. ജില്ലാ ആസ്ഥാനത്തുപോലും പട്ടയം കൊടുക്കുന്നതിനുള്ള തടസ്സങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രിതന്നെ ഇടുക്കി, കഞ്ഞിക്കുഴി വില്ലേജുകൾക്കുവേണ്ടി പ്രത്യേകമായ യോഗം വിളിച്ചുചേർക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്. അത് വളരെ പ്രതീക്ഷ നൽകുന്നതാണ്. അതോടൊപ്പംതന്നെ ജില്ലാ പഞ്ചായത്തിന്റെ കൈവശമുണ്ടായിരുന്ന മേഖലയിൽ പട്ടയ വിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുവെന്നുള്ളതും ഏറെ സന്തോഷകരമാണ്. ജോയിന്റ് വെരിഫിക്കേഷൻ പൂർത്തിയാകാത്ത ധാരാളം പ്രദേശങ്ങൾ ബാക്കിയുണ്ട്. ജോയിന്റ് വെരിഫിക്കേഷൻ പൂർത്തിയാക്കുന്നതിനുള്ള നടപടികളും സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതുണ്ട്. പട്ടയം കൊടുക്കുമ്പോഴുണ്ടായിട്ടുള്ള വീഴ്ചകളെ സംബന്ധിച്ചും കൊടുത്ത പട്ടയങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് സാധിക്കാതെവരുന്ന വിഷയങ്ങളെക്കുറിച്ചും ഏറെ ഗൗരവത്തോടെ കാണണം. കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിനെക്കുറിച്ച് പറയുമ്പോൾ, ഇന്ന് റെവന്യൂവിൽ അടിസ്ഥാന രേഖയാക്കി കൊടുത്തിട്ടുള്ളത് വനഭൂമിയുടെ അതിർത്തികൾ വനംവകുപ്പ് ജണ്ടയിട്ട് തിരിച്ചിട്ടുള്ളതും ജണ്ടയ്ക്ക് പുറത്തുള്ള

സ്ഥലങ്ങൾ ജനവാസ മേഖലയുമാണെന്നാണ് കസ്തൂരിരംഗൻ റിപ്പോർട്ടിന് നൽകിയ മറുപടിയിൽ വനംവകുപ്പ് അംഗീകരിച്ചിട്ടുള്ളത്. അപ്പോൾ ജണ്ടയിട്ട് തിരിച്ചിട്ടുള്ള സ്ഥലങ്ങൾക്ക് വെളിയിലുള്ള മേഖല തീർച്ചയായും പട്ടയ നടപടികൾ സ്വീകരിക്കുന്നതിന് തടസ്സങ്ങൾ ശ്രുപപ്പെടുത്താൻ പാടില്ലാത്തതാണ്. കട്ടപ്പന വില്ലേജിൽപ്പോലും ഇത്തരത്തിലുള്ള ചില പ്രതിസന്ധികളും പ്രശ്നങ്ങളും കാണുന്നുണ്ട്. കട്ടപ്പന വില്ലേജിലെ വലിയകണ്ടം ഭാഗത്ത് റീസർവ്വെ ബ്ലോക്ക് നമ്പർ 60/127 മുതൽ 154 വരെയുള്ള റീസർവ്വെ നമ്പരുകളിൽപ്പെട്ട ഭൂമി ഹിൽമെന്റ് സെറ്റിൽമെന്റ് എന്ന റീസർവ്വെ ലാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയതിനാൽ പതിവ് നടപടികൾ തുടരാൻ സാധിക്കുന്നില്ല. ഇതുസംബന്ധിച്ച് പട്ടയ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ജില്ലാ കളക്ടർക്ക് ചില നിർദ്ദേശങ്ങൾ ഗവൺമെന്റ് നൽകിയിട്ടുണ്ട്. അത് കാര്യഗൗരവമായി പരിഗണിക്കണം. ഇന്ന് പട്ടയം കൊടുക്കുമ്പോൾ രാജാക്കാട്ട് വച്ചുനടന്ന പട്ടയമേളയിൽ കൊടുത്ത പട്ടയങ്ങൾ സാധൂകരിക്കപ്പെടുന്നതാണ് എന്ന ഉത്തമബോദ്ധ്യമുള്ളപ്പോഴും ചില ബാങ്കുകാർ ആ പട്ടയം സ്വീകരിക്കാതെവരുന്ന സ്ഥിതിവിശേഷം കർഷകർക്ക് വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നു. അതുകൊണ്ട് അത് വളരെ ഗൗരവമായി പരിഗണിക്കണം. പട്ടയത്തിൽ വന്നിരിക്കുന്ന നിബന്ധനകൾ ഞങ്ങൾ പരിശോധിച്ചു. അഞ്ച്

നിബന്ധനകളാണുണ്ടായിരുന്നതെങ്കിൽ പുതിയ നിബന്ധനകളിൽ 16 കാര്യങ്ങളാണ് പറഞ്ഞിട്ടുള്ളത്. ആ 16 നിബന്ധനകളിൽ മാറ്റങ്ങൾ വരുത്തേണ്ടത് അനിവാര്യമാണ്. ബഹുമാനപ്പെട്ട റെവന്യൂ വകുപ്പുമന്ത്രിയ്ക്ക് അത് ബോദ്ധ്യമുണ്ടെന്നറിയാം. ക്ലോസ് 1-ലെ ഏറ്റവും ദോഷകരമായ ഒരു നിബന്ധനയെന്നുപറയുന്നത് പട്ടയ ഭൂമിയിലെ മരം മുറിക്കാൻ പാടില്ലായെന്നുള്ളതാണ്. ആ നിബന്ധന മാറ്റുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ക്ലോസ് 7-ൽ ഷെഡ്യൂൾ ബാങ്കുകളിലുംമറ്റും പണയപ്പെടുത്തി ലോൺ എടുക്കാൻ കഴിയില്ലായെന്നതാണ്. ഷെഡ്യൂൾ ബാങ്കുകളിൽനിന്ന് ലോൺ എടുക്കാൻ കഴിയുന്നില്ലെന്നുമാത്രമല്ല, ആ ക്ലോസിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന മറ്റൊരു പ്രധാനപ്പെട്ട വിഷയം കോ-ഓപ്പറേറ്റീവ് സെക്ടറിലാണെങ്കിലും ഗവൺമെന്റ് സെക്ടറിലാണെങ്കിലും ലോൺ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമ്പോൾ, ഒന്നുകിൽ ഗവൺമെന്റിൽനിന്ന് ലഭിക്കുന്ന വീടുകൾ അല്ലെങ്കിൽ ഹൗസിംഗ് സ്കീം പ്രോജക്ട്സ് മുഖാന്തിരം മാത്രമാണ് ലോൺ ലഭിക്കുന്നതിനുള്ള നടപടികൾ കാണുന്നത്. ആ നടപടികൾ തിരുത്തണം. ക്ലോസ് 8 - ൽ പറഞ്ഞിരിക്കുന്നത് പട്ടയ ഭൂമിയിൽ ഒരു വർഷത്തിനകം വീടുവച്ച് താമസിക്കണമെന്നാണ്. അതിൽ വ്യക്തമായൊരു ക്ലാരിഫിക്കേഷൻ വേണം. ഉദ്യോഗസ്ഥതലത്തിൽ വരുന്ന വീഴ്ച

വളരെ പ്രധാനപ്പെട്ടതാണ്. പട്ടയം നൽകുമ്പോൾ ആ പട്ടയം പരിശോധിച്ചതിനു ശേഷമാണ് ഉദ്യോഗസ്ഥൻ പട്ടയനടപടി ത്വരിതപ്പെടുത്തി പട്ടയം നൽകുന്നത്. പിന്നീടുവരുന്ന ഉദ്യോഗസ്ഥന് ആ പട്ടയ നടപടികളിൽ എന്തെങ്കിലും മിസ്റ്റേക്കുണ്ടെന്നുകണ്ടാൽ ആ പട്ടയം ക്യാൻസൽ ചെയ്യാനുള്ള വ്യവസ്ഥ കൊടുത്തിരിക്കുന്നതുകൊണ്ട് പട്ടയം ലഭിക്കുന്ന കർഷകർക്ക് ആശ്വാസകരമായിരിക്കാൻ കഴിയില്ല, ആശങ്കാജനകമാണ്. അതോടൊപ്പംതന്നെ വരുമാന പരിധി എടുത്തുകളയണം. ഇന്ന് ഒരു ക്ലാസ്ഫോർ ജീവനക്കാരനുപോലും പട്ടയം ലഭിക്കാൻ സാധിക്കാത്ത സ്ഥിതിവിശേഷമുണ്ട്. കുടിയേറ്റ മലയോരമേഖലകളിൽ വളരെയേറെ ബുദ്ധിമുട്ടോടുകൂടി ജീവിക്കുന്ന കർഷകർ പ്രതീക്ഷയർപ്പിച്ച്, കാൽലക്ഷത്തോളം കർഷകർക്ക് പട്ടയം കൊടുക്കാനുള്ള പ്രഖ്യാപിതലക്ഷ്യവുമായി പോകുമ്പോൾ വരുമാനപരിധി എടുത്തുകളഞ്ഞ് ഈ പറഞ്ഞ ക്ലോസ്സുകളിലെ അപാകതകൾ പരിഹരിച്ച് മുഴുവൻ കർഷകർക്കും സമയബന്ധിതമായി പട്ടയം കൊടുക്കാൻ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ഈ ശ്രദ്ധക്ഷണിക്കലിലൂടെ പറയാനുള്ളത്.

റവന്യൂവും കയറും വകുപ്പുമന്ത്രി (<u>ശ്രീ. അടൂർ പ്രകാശ്</u>): സർ, 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം മുമ്പ് നൽകിയിരുന്ന പട്ടയങ്ങളിൽ 5 നിബന്ധനകൾ

പ്രത്യക്ഷത്തിൽ പറഞ്ഞിരുന്നവെങ്കിലും 16 നിബന്ധനകൾ രേഖപ്പെടുത്തിയിട്ടുള്ളതാണ്. കാലാകാലങ്ങളിൽ ഭൂമി പതിവ് ചട്ടങ്ങളിൽ ഉണ്ടായിട്ടുള്ള ഭേദഗതികൾ പ്രകാരം മാത്രമാണ് പട്ടയ ഫോറങ്ങളുടെ നിബന്ധനകളിൽ വ്യത്യാസം വരുത്തിയിട്ടുള്ളത്. 1970-കളിൽ നൽകിയ പട്ടയങ്ങളിൽ 5 നിബന്ധനകൾ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളതെങ്കിലും കക്ഷികൾക്ക് നൽകിയിട്ടുള്ള പതിവ് ഉത്തരവിൽ (Assignment order) 16 നിബന്ധനകൾ ചേർത്തിട്ടുള്ളതാണ്. ഈ നിബന്ധനകളെല്ലാം അംഗീകരിച്ചതായി സമ്മതിച്ച് ഒപ്പുവച്ച് പണമടച്ചതിനുശേഷമാണ് കക്ഷികൾ പട്ടയം കൈപ്പറ്റിയിട്ടുള്ളത്. ആയതിനാൽ അന്ന് നൽകിയ പട്ടയങ്ങൾക്കും മേൽപ്പറഞ്ഞ 16 വ്യവസ്ഥകളും ബാധകമായിരുന്നു. 16 നിബന്ധനകൾ രേഖപ്പെടുത്തിയിട്ടുണ്ടെന്നതല്ലാതെ മുൻപും ഇപ്പോഴും നൽകിവരുന്ന പട്ടയങ്ങളുടെ വ്യവസ്ഥകളിൽ മാറ്റമില്ലാത്തതാണ്. ഇപ്രകാരമുള്ള വ്യവസ്ഥകളിൽ കൈമാറ്റത്തിനുള്ള നിയന്ത്രണങ്ങളിലാണ് സർക്കാർ ഭേദഗതി വരുത്തിയിട്ടുള്ളത്. ഭൂമി പതിവ് ചട്ടം 9(2) പ്രകാരമാണ് പട്ടയങ്ങൾ നൽകുന്നതെന്ന് എല്ലാ പട്ടയങ്ങളിലും വ്യക്തമാക്കുന്നുണ്ട്. കാലാകാലങ്ങളിൽ ഭേദഗതിക്ക് വിധേയമായ ചട്ടങ്ങളിലെ വ്യവസ്ഥകൾ എല്ലാ പട്ടയങ്ങൾക്കും ബാധകമാകുന്നുണ്ട്. പട്ടയങ്ങളിലെ

7-ാം വ്യവസ്ഥയിൽ പട്ടയ വസ്തുക്കൾ സഹകരണ ബാങ്കിലും മറ്റും പണയപ്പെടുത്താമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. പട്ടയവസ്തു കൈമാറ്റം ചെയ്യാൻ പാടില്ലെന്ന വ്യവസ്ഥ നിലനിന്നിരുന്ന സമയത്തുമാത്രം പ്രസക്തി ഉണ്ടായിരുന്ന ഒന്നാണ്. പട്ടയവസ്തു കൈമാറ്റം ചെയ്യാമെന്ന ഭേദഗതി വന്നതോടെ പ്രസ്തുത വ്യവസ്ഥയ്ക്ക് പ്രസക്തിയില്ലാതായിട്ടുള്ളതും ഏത് അംഗീകൃത സ്ഥാപനങ്ങളിലും പണയപ്പെടുത്തുന്നതിന് തടസ്സമില്ലാത്തതുമാണ്. ഭൂമിയെ സംബന്ധിച്ച് ക്രയവിക്രയാവകാശം പൂർണ്ണമായും ഭൂമി പണയപ്പെടുത്തുന്ന ആൾക്ക് ലഭിക്കുന്ന സാഹചര്യത്തിൽ ഏതൊരു ധനകാര്യസ്ഥാപനത്തിനും ഈ ഭൂമി ഈടായി സ്വീകരിക്കാം. കാർഷികാവശ്യത്തിനുവേണ്ടി ഒരു കുടുംബത്തിന് പതിച്ചു നൽകാവുന്ന പരമാവധി ഭൂമിയുടെ അളവ് സമതല പ്രദേശങ്ങളിൽ ഒരു ഏക്കറായും ഹിൽട്രാക്ക് ഏരിയയിൽ നാല് ഏക്കറായും വർദ്ധിപ്പിച്ചുകൊണ്ട് 30/09/2014 ലെ ജി.ഒ.(പി) 425/2014/ആർ.ഡി. ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരം ഭൂമിയിലെ കൈവശകക്ഷികൾക്ക് ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള 25 വർഷക്കാലാവധി പ്രസ്തുത ഉത്തരവ് പ്രകാരം എടുത്തുകളഞ്ഞിട്ടുണ്ട്. ഭൂമി ലഭിക്കുന്നതിനുള്ള പരമാവധി വരുമാന പരിധി 3 ലക്ഷം രൂപയായി ഉയർത്തുകയും ഹിൽ ട്രാക്ക് ഏരിയയിൽ 1/6/2015-ൽ പത്ത് വർഷം പൂർത്തിയാക്കിയ

കൈവശക്കാർക്ക് പട്ടയം നൽകുന്നതിനുള്ള ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 24/12/2013-ലെ ജി. ഒ. (പി) 591/2013/റവന്യൂ ഉത്തരവ് പ്രകാരം 1993- ലെ ഭൂമിപതിവ് ചട്ടങ്ങളിലെ ചട്ടം 2(എഫ്)-ൽ പ്രതിപാദിച്ചിരിക്കുന്ന പ്രകാരം മുദ്രപത്രത്തിലൂടെ കൈവശം ലഭിച്ചിട്ടുള്ള ഭൂമിയുടെ നിലവിലെ കൈവശക്കാരെയും പ്രസ്തുത ഭൂമി കൈവശമായി ലഭിച്ച തീയതി മുതൽ പട്ടയ ലഭ്യതയ്ക്ക് പരിഗണിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ മേൽപ്പടി പ്രത്യേക ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 2 (എഫ്) പ്രകാരം നിലവിൽ വനഭൂമി കൈവശം ലഭിച്ചിട്ടുള്ളവരെക്കൂടി പ്രസ്തുത ഭൂമി ലഭിച്ച തീയതി മുതൽ പട്ടയലഭ്യതയ്ക്ക് പരിഗണിക്കാവുന്നതാണെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്.

ബഹുമാനപ്പെട്ട അംഗം ഇവിടെ ചില ആശങ്കകൾ ഉയർത്തിയിട്ടുണ്ട്. പട്ടയം നൽകിയ അവസരത്തിൽ കണ്ടീഷൻ (1) എന്നുപറയുന്നത്, The full right over all the trees within the grant and specified in the Schedule vests in the Government and the assignee is bound to take care of all such trees standing on the land at the time of assignment or that may come into existence subsequent to it. തേക്ക്, ഈട്ടി, എബണി, ചന്ദനം തുടങ്ങിയ നാലിനം മരങ്ങൾ മുറിക്കാൻ പാടില്ലെന്ന ഉത്തരവ് വനം വകുപ്പിൽ നിന്നിറക്കിയിട്ടുണ്ട്. പട്ടയം

കിട്ടിയശേഷം അല്ലെങ്കിൽ ഭൂമി കൈവശം വച്ചിരിക്കുന്ന കർഷകർക്ക് അവർ നട്ടുവളർത്തിയ മരങ്ങൾ മുറിച്ചെടുക്കുന്നതിന് വനംവകുപ്പിൽ നിന്ന് പ്രത്യേകാനുമതിയും നേരത്തെതന്നെ കൊടുത്തിട്ടുണ്ട്. 9/7/2015-ന് പുതിയ ഉത്തരവും വനംവകുപ്പ് ഇറക്കിയിട്ടുണ്ട്. നേരത്തെ ഇറക്കിയ ഉത്തരവ് 27/5/2015-ലാണ്. അതുകൂടാതെ ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം പ്രത്യേക ഉത്തരവ് ഇറക്കാൻ നിർദ്ദേശം കൊടുക്കുകയും ആ ഉത്തരവ് 9/7/2015-ൽ ഇറങ്ങിയിട്ടുമുണ്ട്. കണ്ടീഷനിൽ ഇത്തരം കാര്യങ്ങൾ വന്നുവെങ്കിലും കർഷകരെ സംബന്ധിച്ച് അത്തരം ബുദ്ധിമുട്ടുണ്ടാകുന്നില്ലെന്നുകൂടി ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുന്നു.

മറ്റൊരുകാര്യം പറഞ്ഞിട്ടുള്ളത് ഏഴാമത്തെ കണ്ടീഷനാണ്. ഷെഡ്യൂൾ ബാങ്കിനെക്കൂടി ഉൾപ്പെടുത്തണമെന്ന കാര്യമാണ്. ഷെഡ്യൂൾ ബാങ്കിനെക്കൂടി ഉൾപ്പെടുത്തി കർഷകർക്ക് ലോൺ എടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്ന കാര്യത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നതാണ്. ഇടുക്കിയിലെ പട്ടയം കൊടുക്കുന്ന കാര്യത്തിൽ ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധതയോടുകൂടിതന്നെ പ്രവർത്തനം നടത്തുകയാണ്. അങ്ങ് പറഞ്ഞ കണക്കിൽ അൽപ്പം പിശക് വന്നിട്ടുണ്ടെന്നുതോന്നുന്നു, ഈ ഗവൺമെന്റ് വന്നതിനുശേഷം,

ഇടുക്കിയിൽ നാലോ അഞ്ചോ പ്രാവശ്യമായി 23699 പട്ടയങ്ങൾ ഇതിനോടകം തന്നെ കൊടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ റവന്യൂ വകുപ്പുമന്ത്രിയായിരിക്കുന്ന അവസരത്തിലും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ അവിടെ പട്ടയവിതരണം നടത്തിയിരുന്നു. അതിനുശേഷം ഞാൻ ചുമതലയേറ്റെടുത്തശേഷവും നാലു തവണകളായി പട്ടയവിതരണം നടത്തിയിട്ടുണ്ട്. 23699 പട്ടയങ്ങൾ വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ട്. ബാക്കിയുള്ള പട്ടയങ്ങൾ വിതരണം ചെയ്യുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഓണസമ്മാനമായി ഇടുക്കിയിലെ ജനങ്ങൾക്ക് പട്ടയം കൊടുക്കുമെന്ന് കഴിഞ്ഞ പട്ടയമേളയിൽ പ്രഖ്യാപിച്ചിരുന്നതാണ്. അതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു കൊണ്ടിരിക്കുന്നു. ബഹുമാനപ്പെട്ട അംഗം ഇവിടെ ഉയർത്തിയ ആശങ്കകൾക്ക് പരിഹാരമുണ്ടാക്കുന്നതിനുവേണ്ടി സ്വീകരിക്കാൻ കഴിയുന്ന പരമാവധി നടപടികൾ സ്വീകരിക്കുന്നതാണ്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, നേരത്തെ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി പറഞ്ഞതുപോലെതന്നെ മരംമുറിക്കുന്നതു സംബന്ധിച്ച് കൺഫ്യൂഷൻ ഉണ്ടായിരുന്നു. കർഷകർ നട്ടുവളർത്തുന്ന മരം മുറിക്കുന്നതിനുള്ള അവകാശം വേണമെന്നതായിരുന്നു

അവരുടെ ആവശ്യം. ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രിതന്നെ അക്കാര്യം ഞങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തി, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചർച്ച നടന്നു. അതിന്റെ അടിസ്ഥാനത്തിൽ നട്ടുവളർത്തിയ മരം അവരുടെ ആവശ്യത്തിന് മുറിക്കാം എന്ന തീരുമാനവുമെടുത്തിരുന്നു. അതോടൊപ്പം വനം-റവന്യൂ വകുപ്പുകളുടെ പെർമിഷനോടുകൂടിവേണം മരംമുറിക്കാനെന്നൊരു കണ്ടീഷൻ വച്ചിരുന്നു. ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി പറഞ്ഞതുപോലെതന്നെ ഏറ്റവും അവസാനം നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ നിരോധിത മരങ്ങളായി പറഞ്ഞിട്ടുള്ള നാല് മരങ്ങൾ മുറിക്കാൻ അനുമതിയുണ്ടാകില്ല, അവ ഒഴികെ അവരുടെ ഭൂമിയിൽ അവർ നട്ടുവളർത്തിയ മരങ്ങൾ കർഷകരുടെ ആവശ്യത്തിന് മുറിക്കാൻ അനുവദിച്ചുകൊണ്ടുള്ള ഉത്തരവും ഇറക്കിയിട്ടുണ്ട്.

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, പുതിയ പട്ടയങ്ങൾ കൊടുക്കുന്നതിൽ വരുത്തിയിട്ടുള്ള നിബന്ധനകളിൽ പുതിയ ഭേദഗതികൾ ഉൾപ്പെടുത്തുന്നത് നല്ലതായിരിക്കുമെന്നതാണ് എന്റെ സജഷൻ. പ്രത്യേകിച്ച് പട്ടയഭൂമിയിലെ മരം മുറിക്കാൻ പാടില്ലെന്ന ക്ലാസ് എടുത്തുകളഞ്ഞുവെങ്കിൽ പുതിയ പട്ടയത്തിൽ ഭേദഗതി ഉൾപ്പെടുത്തുന്നത് നല്ലതായിരിക്കും. പട്ടയം കൊടുക്കുന്നത് പരിശോധനയ്ക്കുശേഷമാണ്. പരിശോധനാ നടപടികൾ പൂർത്തിയാക്കി പട്ടയം

കൊടുത്തുകഴിഞ്ഞാൽ പിന്നീടുവരുന്ന ഏതെങ്കിലും ഉദ്യോഗസ്ഥന് പിഴവ് കണ്ടെത്തി പട്ടയം ക്യാൻസൽ ചെയ്യാനുള്ള അധികാരം കൊടുത്താൽ ഏതുസമയവും ആശങ്കയുടെ നിഴലുണ്ടാകും. അതുകൊണ്ട് നടപടി പൂർത്തിയാക്കി പട്ടയം കൊടുക്കുമ്പോൾ പിഴവില്ലാതെ കൊടുക്കുന്നതിനുള്ള നടപടിയാണ് സ്വീകരിക്കേണ്ടത്. അതുകൊണ്ട് ആ ക്ലാസും എടുത്തു കളയണം. മറ്റൊരുകാര്യം, പട്ടയ അപേക്ഷകൾ കൊടുക്കുവാനുള്ള ധാരാളം ആൾക്കാർ ഇനിയും ബാക്കിയുണ്ട് അതുകൊണ്ട് പട്ടയ അപേക്ഷകൾ സ്വീകരിക്കുവാനുള്ള നടപടി ഇതോടൊപ്പം ഉണ്ടാകണം. ഒരുവർഷത്തിനകം അവിടെ വീടുവച്ച് താമസിക്കുകയോ കൃഷിയിറക്കുകയോ ചെയ്യണം, തരിശായി കിടക്കാൻ പാടില്ലെന്നതാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതിനൊരു ക്ലാരിറ്റി ഉണ്ടാകണം. ഈ ഭേദഗതികൾ കൊണ്ടുവരാൻ നടപടിയുണ്ടാകുമോ?

ശ്രീ. അടൂർ പ്രകാശ്: സർ, ഇത് ഏറ്റവും അവസാനത്തെ പട്ടയമേളയല്ല. കഴിഞ്ഞ പട്ടയമേളയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ എടുത്ത തീരുമാനമാണ് ഓണസമ്മാനമായി ഇടുക്കിയിലെ കർഷകർക്ക് പട്ടയം നൽകുമെന്നത്, അത് പ്രഖ്യാപിച്ചിരുന്നു. ഓണത്തിനുമുമ്പ് പട്ടയം കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കുകയാണ്. പട്ടയം ഇപ്പോൾ കൊടുക്കുന്നതുകൊണ്ട്

അർഹതപ്പെട്ടവർക്ക് അപേക്ഷ കൊടുക്കുന്നതിനുള്ള അവസരം നഷ്ടമായി എന്നുകരുതേണ്ട. ബഹുമാനപ്പെട്ട അംഗം ഇങ്ങനെയൊരു ആശങ്ക പ്രകടിപ്പിച്ചു, അവർക്ക് വീണ്ടും അപേക്ഷ കൊടുക്കാനുള്ള അവസരം നൽകുന്നതാണ്. അദ്ദേഹം മറ്റൊരു ചോദ്യം ചോദിച്ചത് പട്ടയം നൽകുന്ന ഉദ്യോഗസ്ഥർക്കുണ്ടാകുന്ന അപാകതകളിൽ പരിഹാരമുണ്ടാക്കുന്നതിനെ ക്കുറിച്ചാണ്. തീർച്ചയായും ഉന്നതതലയോഗം വിളിച്ചുചേർത്ത് അത്തരം കാര്യങ്ങളിൽ ക്ലാരിറ്റി ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## സർക്കാർ ഭൂമിയിന്മേൽ ഇതരസംസ്ഥാനങ്ങളുടെ കൈയേറ്റം

ശ്രീ. സി. ദിവാകരൻ: സർ, സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയും മറ്റു സ്ഥാവര ജംഗമ സ്വത്തുക്കളും ഇതരസംസ്ഥാന സർക്കാരുകളും വ്യക്തികളും കൈയേറ്റം നടത്തി കൈവശപ്പെടുത്തിയതിന്റെ ഞെട്ടിപ്പിക്കുന്ന വസ്തുതകളാണ് ഇപ്പോൾ പുറത്തുവന്നിരിക്കുന്നത്. 400 സംവത്സരം പഴക്കമുള്ള കന്യാകുമാരി ജില്ലയിലെ പത്മനാഭപുരം കൊട്ടാരവും സ്ഥലവും അന്യാധീനപ്പെട്ടുകൊണ്ടിരിക്കുകയാണ്. 6 ഏക്കർ 30 സെന്റ് സ്ഥലത്ത് സ്ഥിതി ചെയ്യുന്ന പത്മനാഭപുരം കൊട്ടാരം സംസ്ഥാന പുരാവസ്തു വകുപ്പിന്റെ സംരക്ഷണത്തിലാണ്. കൊട്ടാരത്തോട് ചേർന്ന് പുറത്ത് 12.5 സെന്റ് സ്ഥലം

ഇതിനകം നഷ്ടമായിക്കഴിഞ്ഞു. കൂടാതെ, കൊട്ടാര വളപ്പിൽ 15 സെന്റ് സ്ഥലം ഒരു സ്വകാര്യ വ്യക്തിയുടെ കൈവശമാണ്. 1974-ൽ നടന്ന സർവ്വേയുടെ അടിസ്ഥാനത്തിൽ സ്വകാര്യവ്യക്തിക്ക് ഈ സ്ഥലത്തിന്റെ പട്ടയവും നൽകിക്കഴിഞ്ഞിരിക്കുകയാണ്. ഈ സ്വകാര്യവ്യക്തി കൈയേറ്റം ചെയ്തതായി തെളിയിക്കാൻ ഇപ്പോൾ സർക്കാരിന്റെ പക്കൽ രേഖകളൊന്നുമില്ലെന്ന് ഉദ്യോഗസ്ഥർ പറയുന്നു. കേരള-തമിഴ്നാട് സർക്കാരുകൾ സംയുക്തമായി ഈ വിഷയത്തിൽ ഗൗരവമായ ഒരു സർവ്വേ നടത്തിയല്ലാതെ ആ തർക്കം പരിഹരിക്കാൻ സാധ്യമല്ല. പുനലൂർ പി.ഡബ്ല്യു.ഡി.-യുടെ നിയന്ത്രണത്തിലുള്ള കുറ്റാലം കൊട്ടാരത്തിന്റെ 20 സെന്റ് സ്ഥലം ഒരു സംഘടന കൈയേറ്റം ചെയ്ത് കൈവശപ്പെടുത്തിയിരിക്കുകയാണ്. അവിടെ അറ്റകുറ്റപ്പണികളല്ലാതെ മറ്റു യാതൊന്നും നടക്കുന്നില്ല. കുറ്റാലം കൊട്ടാരത്തിന്റെ അവകാശത്തെക്കുറിച്ച് തമിഴ്നാട് ഗവൺമെന്റും കേരള സ്റ്റേറ്റും തിരുവിതാംകൂർ രാജകുടുംബവും തമ്മിൽ ഇപ്പോൾ മദ്രാസ് ഹൈക്കോടതിയിൽ ഒരു കേസ് നിലവിലുണ്ട്. ചെന്നൈയിലെ നുങ്കംബാക്കം വില്ലേജിൽ കേരള സർക്കാരിന്റെ 8 ഏക്കർ സ്ഥലത്തിൽ 3 ഏക്കർ സ്ഥലത്ത് ആശാൻ മെമ്മോറിയൽ പ്രവർത്തിക്കുന്നു, മറ്റൊരു 3 ഏക്കർ അപ്പോളോ ഹോസ്പിറ്റലിനു നൽകി, 1.40 ഏക്കർ ഭൂമി കൈയേറ്റം നടത്തി ആരുടെയും

അനുമതിയില്ലാതെ തമിഴ്നാട് പോലീസ് ക്വാർട്ടേഴ്സ് പണികഴിപ്പിച്ചിരിക്കുന്നു. ആകെ 55 സെന്റ് സ്ഥലമാണ് കെ.റ്റി.ഡി.സി. ഹോട്ടൽ പണിയാൻ കൊടുത്തത്. ഇതുകൂടാതെ ഡൽഹിയിലെ 2.496 ഏക്കർ സ്ഥലം കേരള ഹൗസ്, 8.75 ഏക്കർ ട്രാവൻകൂർ ഹൗസ്, പ്രഗതി മൈതാനത്ത് 40 സെന്റ് സ്ഥലം ഇതെല്ലാം സംസ്ഥാന ഗവൺമെന്റിനുള്ളതാണ്. 4.63 ഏക്കർ കന്യാകുമാരി ചെങ്കോട്ട ടിംബർ ഡിപ്പോ നമുക്കുള്ളതാണ്. 14.38 ഏക്കർ സ്ഥലം പൊള്ളാച്ചിയിൽ, കർണ്ണാടകയിലെ നഞ്ചൻകോട് 5.93 ഏക്കർ സ്ഥലം, യു.പി. യിലെ വാരണാസിയിൽ 10.175 ഏക്കർ ഇതെല്ലാം സംസ്ഥാന ഗവൺമെന്റിനുള്ള സ്ഥലമാണ്. ഈ സ്ഥലമൊക്കെ അന്യാധീനപ്പെട്ടോ എന്നറിയാൻ മാർഗ്ഗമില്ല. രാജവാഴ്ചയുടെ കാലം അവസാനിച്ചതോടെ അവകാശങ്ങൾ നഷ്ടപ്പെട്ടതിന്റെ ഫലമായി അന്യസംസ്ഥാനങ്ങളുടെ ഭരണകൂടങ്ങൾ ഇതെല്ലാം കൈയടക്കിയിരിക്കുകയാണ്. ഇതിനെ സംബന്ധിച്ച് ഒരു ധവളപത്രം പുറപ്പെടുവിക്കാൻ സർക്കാർ തയ്യാറാകണം. അതുപോലെ കേരളത്തിലെ കോവളം കൊട്ടാരം, ശംഖുമുഖം കൊട്ടാരം, പത്മനാഭസ്വാമി ക്ഷേത്രവും പരിസരവും, ആറ്റിങ്ങൽ, കാട്ടാക്കട, നെടുമങ്ങാട്, കിളിമാനൂർ, മൂന്നാർ തുടങ്ങിയ നിരവധി സ്ഥലങ്ങൾ കൊട്ടാരം വകയെന്നാണ് അവകാശപ്പെടുന്നത്. ഏറ്റവും മനോഹരമായ വാസ്തുശില്പ സൗന്ദര്യമുള്ള

കൊട്ടാരങ്ങൾ - കവടിയാർ കൊട്ടാരമടക്കം അറ്റകുറ്റപ്പണി ചെയ്യാത്തതിന്റെ ഫലമായി നാശത്തിലേയ്ക്ക് നീങ്ങുകയാണ്. ഒരു നിയമസഭാ കമ്മിറ്റിയെ നിയോഗിച്ചുകൊണ്ട് ഇതിനെ സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തി, ഇതരസംസ്ഥാനങ്ങളിൽ കേരള സംസ്ഥാനത്തിനുള്ള ഏകദേശം 40 ഏക്കർ ഭൂമി ഏറ്റെടുക്കാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കണം. കഴിഞ്ഞ കാലങ്ങളിലെ ഗവൺമെന്റൊന്നും ഇക്കാര്യത്തിൽ ഒന്നും ചെയ്തിട്ടില്ല. അങ്ങ് കേരളത്തിന്റെ മുഖ്യമന്ത്രിയായിരിക്കുമ്പോൾതന്നെ, സംസ്ഥാന ഗവൺമെന്റ് എന്തെങ്കിലും രേഖകൾ ഇക്കാര്യത്തിലുണ്ടാക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): സർ, ബഹുമാനപ്പെട്ട അംഗം സി. ദിവാകരൻ, നമ്മുടെ സംസ്ഥാനത്തിന്റെ പൊതുതാല്പര്യമുള്ള ഒരു പ്രശ്നമാണ് ഇവിടെ ഉന്നയിച്ചത്. ഇതരസംസ്ഥാനങ്ങളിലെ നമ്മുടെ സ്വത്തുവകകൾ സംരക്ഷിക്കുന്നതിനുള്ള ജാഗ്രതയും പ്രത്യേകമായ താല്പര്യവും കാട്ടണമെന്ന് അങ്ങ് ഇവിടെ പ്രകടിപ്പിച്ച വികാരത്തോട് ഞാൻ പൂർണ്ണമായും യോജിക്കുക യാണ്. നമ്മുടെ രാജകുടുംബങ്ങൾ - പ്രത്യേകിച്ചും തിരുവിതാംകൂറിലെയും കൊച്ചിയിലെയും രാജകുടുബങ്ങൾ അവരുടെ കാലത്തു സമ്പാദിച്ച സ്വത്തുക്കൾ നമുക്ക് കൈമാറി കിട്ടിയപ്പോൾ, ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറ്റവും കൂടുതൽ സ്വത്തുള്ള സംസ്ഥാനമായി കേരളം

മാറി. അതുമുഴവൻ സുരക്ഷിതമാണ്, കാരണം അത് നമ്മുടെ കൈയിൽ തന്നെയാണ്. ഇടയ്ക്കുവച്ച് കേന്ദ്ര പാരാ മിലിറ്ററി ഫോഴ്സിന്റെ കൈവശമായെങ്കിലും നിരന്തരമായ പരിശ്രമഫലമായി ആ സ്ഥലം നമ്മുടെ കൈയിൽ കിട്ടിയിട്ടുണ്ട്. ഡൽഹിയിലെ സ്വത്തുക്കൾ പൂർണ്ണമായും സുരക്ഷിതമാണ്. അവിടെ പുതിയ കെട്ടിടങ്ങളും മറ്റും പണിയുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇതരസംസ്ഥാനങ്ങളിൽ കേരള സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ വിസ്തൃതി, ഉടമസ്ഥാവകാശം, കൈമാറ്റം സംബന്ധിച്ച വ്യവസ്ഥകൾ, പാട്ടക്കരാറിലെ വ്യവസ്ഥകൾ തുടങ്ങിയ രേഖകൾ കണ്ടെടുത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും വിവിധ വകുപ്പുകൾ തമ്മിൽ ഏകോപിത പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി റവന്യൂ വകുപ്പിനെ ചുമതലപ്പെടുത്തി. പൊതുഭരണ വകുപ്പ് 16.04.2005-ൽ ഇതു സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ച് അതിന്മേൽ നടപടി സ്വീകരിച്ചുവരികയാണ്. സംസ്ഥാനത്തിന് പുറത്ത് സർക്കാർ ഉടമസ്ഥതയിലുള്ള വിവിധ വകുപ്പുകളുടെ കീഴിലുള്ള വസ്തുക്കളുടെ ലിസ്റ്റ് ശേഖരിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് നിയമസഭാ സമിതി പരിശോധിക്കണമെന്ന് അങ്ങ് പറഞ്ഞു. നിയമസഭയുടെ എസ്റ്റിമേറ്റ് കമ്മിറ്റി ഇതിനെക്കുറിച്ച് പഠിക്കുകയും ഒരു റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 9.10.2012-ൽ

ഒരു ഹൈലെവൽ കോ-ഓർഡിനേഷൻ കമ്മിറ്റി അതിന്റെ ആദ്യത്തെ യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിൽ സംസ്ഥാനത്തിനു പുറത്ത് സ്ഥിതി ചെയ്യുന്ന തർക്കവിഷയമായ ഭൂമിയുടെ കാര്യത്തിൽ ആവശ്യമായ നടപടികൾ അനുവർത്തിക്കാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിക്കഴിഞ്ഞു. പ്രസ്തുത നിർദ്ദേശത്തിന്മേൽ ടി വകുപ്പുകൾ കൈക്കൊണ്ട നടപടികൾ സംബന്ധിച്ച് അടുത്ത യോഗം വിലയിരുത്തുന്നതാണ്. പത്മനാഭപുരം കൊട്ടാരം ഉൾപ്പെടുന്ന 6 ഏക്കർ 30 സെന്റ് സ്ഥലത്തിൽ കൊട്ടാരവളപ്പിനു പുറത്തായി ഏകദേശം 12.5 സെന്റ് സ്ഥലം കുറവുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഈ വസ്തു കണ്ടെത്തുന്നതിനായി കേരള-തമിഴ്നാട് സർക്കാരുകളുടെ പ്രതിനിധികൾ ചേർന്ന് ഒരു ജോയിന്റ് സർവ്വേ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഈ കൊട്ടാരം സ്ഥിതി ചെയ്യുന്ന 15 സെന്റ് സ്ഥലം ഒരു സ്വകാര്യ വ്യക്തിയുടെ കൈവശത്തിലാണെന്നും 1974-ലെ റീസർവ്വേ പ്രകാരം ടിയാൾ പട്ടയം സമ്പാദിച്ചതായും കണ്ടെത്തി. എന്നാൽ ഈ സ്ഥലം സ്വകാര്യ വ്യക്തിയുടെ കൈവശമായത് എന്നാണ് എന്നതിനെ സംബന്ധിച്ച് രേഖകളൊന്നും ലഭ്യമല്ല. പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള തെങ്കാശി താലൂക്കിലെ കുറ്റാലം കൊട്ടാരത്തിന്റെ 55.6 ഏക്കർ സ്ഥലത്ത് Hindu Religious and Charitable Endowment എന്ന സംഘടന 20.5

സെന്റ് ഭൂമി കൈയേറിയതായി കണ്ടെത്തി. പ്രസ്തുത 55.6 ഏക്കർ വസ്തുവിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് തിരുവിതാംകൂർ മഹാരാജാവിന്റെ പിൻഗാമിയും തമിഴ്നാട്-കേരള സർക്കാരുകളുമായി ഒരു കേസ് മദ്രാസ് ഹൈക്കോടതിയുടെ മധുര ബെഞ്ചിൽ നിലവിലുണ്ട്. പ്രസ്തുത കേസിൽ ഈ സംസ്ഥാനത്തിന്റെ താല്പര്യം സംരക്ഷിക്കുന്നതിനുള്ള നടപടിക്രമങ്ങൾ അനുവർത്തിച്ചിട്ടുണ്ട്. ഇക്കാര്യങ്ങളെ സംബന്ധിച്ചിടത്തോളം കൂടുതൽ ജാഗ്രത പുലർത്തുന്നതാണ്. നിയമസഭാ എസ്റ്റിമേറ്റ് കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകൾ ചേർന്ന് രൂപീകരിച്ചിട്ടുള്ള ഹൈപവർ കമ്മിറ്റിയുടെ പ്രവർത്തനം കൂടുതൽ സജീവമായി മുമ്പോട്ടുകൊണ്ടുപോകുന്നതാണ്.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, അങ്ങ് പറഞ്ഞത് റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ ഇതിനെ സംബന്ധിക്കുന്ന ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്നും അവരിതെല്ലാം കോ-ഓർഡിനേറ്റ് ചെയ്യുമെന്നുമാണ്. ആ കമ്മിറ്റി ഇതുവരെ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. ഞാൻ ചൂണ്ടിക്കാണിച്ച മറ്റ് പല സ്ഥലങ്ങളെക്കുറിച്ചും യാതൊന്നും പരാമർശിച്ചില്ല. 10 ഏക്കർ സ്ഥലം യു.പി. യിലുണ്ട്, 5 ഏക്കർ സ്ഥലം കർണ്ണാടകത്തിലുണ്ട്, 8 ഏക്കർ സ്ഥലം പൊള്ളാച്ചിയിലുണ്ട്. ഈ സ്ഥലങ്ങളെ സംബന്ധിച്ച എന്തെങ്കിലും രേഖകൾ റവന്യൂ

വകുപ്പിന്റെയോ പുരാവസ്തു വകുപ്പിന്റെയോ കൈവശമുണ്ടോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഈ ഹൈപവർ കമ്മിറ്റി ഒരു പ്രാവശ്യം യോഗം ചേർന്ന് വിവിധ വകുപ്പുകൾക്ക് ഓരോരോ വർക്കുകൾ ചുമതലപ്പെടുത്തിയിട്ടുണ്ട്. എത്രയും വേഗം കമ്മിറ്റി ചേർന്ന് ഇനിയുള്ള വിവരങ്ങൾ അവലോകനം ചെയ്യാൻ നിർദ്ദേശം നൽകുന്നതാണ്. ഇത്രയും കാര്യങ്ങൾ അങ്ങ് ഇവിടെ ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാനത്തിനു പുറത്തുള്ള മുഴുവൻ സ്വത്തുക്കളെയും സംബന്ധിച്ച് വിശദമായ പരിശോധന നടത്താൻ പ്രത്യേകമായി നിർദ്ദേശം കൊടുക്കുന്നതായിരിക്കും.